# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*438 21.10.2016 ൽ മറുപടിയ്ക്ക്**

## പച്ചക്കറി ഉത്പാദന വർദ്ധനവ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.ആൻസലൻ**<br>**ശ്രീ.എസ്.ശർമ്മ**<br>**ശ്രീമതി.പി.അയിഷാ പോറ്റി**<br>**ശ്രീ.എം.മുകേഷ്** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) സംസ്ഥാനത്ത് പച്ചക്കറിയുല്പാദന വർദ്ധനവിന് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കമോ; | എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് ജൈവകൃഷിയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജൈവകൃഷി വ്യാപിപ്പിക്കുന്നതിനായി ലഘുലേഖകളും കൈപുസ്തകങ്ങളും സ്കൂളുകൾ വഴിയും കൃഷിഭവനുകൾ വഴിയും വിതരണം ചെയ്തു വരുന്നുണ്ട്. കൂടാതെ ഇതിനാവശ്യമായ പരിശീലനപരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോതിസാഹിപ്പിക്കുക, അർബൻ ക്ലസ്റ്റർ പ്രോത്സാഹനം, തിരഞ്ഞെടുത്ത വിദ്യാലയങ്ങളിലും മറ്റു പൊതുസ്ഥാപനങ്ങളിലുമുള്ള പച്ചക്കറി കൃഷി പ്രോത്സാഹനം, പ്രോജക്ട് അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി വികസനം, ജില്ലാ ക്ലസ്റ്റർ വികസനം, തരിശുനിലങ്ങളിൽ പച്ചക്കറികൃഷി വ്യാപനം, മാധ്യമങ്ങൾ വഴിയും സന്നദ്ധ സംഘടനകൾ, സ്കൂൾ കുട്ടികൾ വഴിയുമുള്ള പച്ചക്കറി വിത്ത് വിതരണം, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം, സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾക്കുള്ള ധനസഹായം,മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, കിഴങ്ങുവർഗ്ഗവിളകളുടെ വികസനം, നഴ്സറികളുടെ സ്ഥാപനം, മഴമറകൾ സ്ഥാപിക്കൽ, സങ്കര വർഗ്ഗ വിളകളുടെ പരീക്ഷണതോട്ടങ്ങൾക്കുള്ള ധനസഹായം, സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും, സേഫ്-ടു-ഈറ്റ് പ്രോജക്ട് എന്നീ പദ്ധതികൾ |

ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ സാങ്കേതിക വിദ്യാ വികസനവും വ്യാപനവും, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും എന്നിവയും നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| ബി) | ഉല്പന്നങ്ങളുടെ സംഭരണ വിതരണ പ്രക്രിയയിൽ ഹോർട്ടികോർപ്പിന്റെയും മറ്റു സർക്കാർ ഏജൻസികളുടെയും ഇടപെടൽ പര്യാപ്തമല്ലാത്തതുകൊണ്ട് ഉല്പന്നങ്ങൾ കെട്ടിക്കിടന്നു നശിക്കുകയോ അല്ലെങ്കിൽ തുച്ഛമായ വിലയ്ക്ക് വിറ്റഴിക്കാൻ കർഷകർ നിർബന്ധിതരാകുന്നതോ ആയ സ്ഥിതി പച്ചക്കറി കൃഷിയെ വീണ്ടും പ്രതിസന്ധിയിലേക്കു നയിക്കുമെന്നതിനാൽ അതു പരിഹരിക്കാനായി ഇടപെടൽ ഉണ്ടാകുമോ; വിശദാംശം നൽകുമോ; | ബി) | സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപര വിപണികളിലും അഞ്ച് ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും കർഷകർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലം മുഖേന വിൽപ്പന നടത്തുവാൻ അവസരമുണ്ട്. പ്രസ്തുത വിപണികളിൽ നിന്ന് ലേലം മുഖേന ഹോർട്ടികോർപ്പ് കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വാങ്ങുന്നു. ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കാതിരിയ്ക്കുന്നതിനായി ഓരോ മാസത്തിലും ഓരോ ആഴ്ചയിലും ഏതുതരം വിളകൾ ഏത് പ്രദേശത്ത് എത്രമാത്രം അളവിൽ കൃഷി ചെയ്യണം എന്നതിനെപ്പറിയുള്ള മാർഗ്ഗ രേഖയുണ്ടാക്കുവാൻ കേരള കാർഷിക സർവ്വകലാശാല, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സംസ്ഥാന കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ 'ഒരു പച്ചക്കറി വിള' ആസൂത്രണ കലണ്ടർ ഹോർട്ടികോർപ്പ് തയ്യാറാക്കി വരുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 274 സ്വാശ്രയകർഷക വിപണികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ ആസ്ഥാനത്ത് മാർക്കറ്റ് ഇൻഫർമേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷപ്പെടുത്തുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും കഴിയുന്നു. |
| സി) | കർഷകരുടെ താല്പര്യ സംരക്ഷണാർത്ഥം പച്ചക്കറികൾക്ക് ന്യായവില പ്രഖ്യാപിക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം അറിയിക്കുമോ? | സി) | വിപണിവിലയേക്കാൾ പത്ത്ശതമാനം അധികം നൽകിയാണ് കർഷകരിൽ നിന്ന് നേരിട്ട് ഉല്പന്നങ്ങൾ ഹോർട്ടികോർപ്പ് ഇപ്പോൾ സംഭരിച്ചുവരുന്നത്. കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനായി കർഷക പങ്കാളിത്തത്തോടെ വി.എഫ്.പി.സി.കെ 'റിസ്ക് ഫണ്ട് 'എന്ന പദ്ധതി നടപ്പിലാക്കി |

വരുന്നുണ്ട്. പദ്ധതിവിഹിതത്തിന്റെ 40% കർഷകരും 60% കേരള സർക്കാരും വഹിക്കുന്നു. ഉല്പന്നങ്ങൾക്ക് വില ഇടിയുന്ന അവസരങ്ങളിൽ റിസ്ക് ഫണ്ടിൽ നിന്നും അടിസ്ഥാന വില നിശ്ചയിച്ച് കർഷകർക്ക് വിലവ്യത്യാസം നല്കുന്ന പദ്ധതിയാണിത്. ഉൽപ്പന്നങ്ങളുടെ വിലയിൽ കാലാകാലങ്ങളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതുകൊണ്ട് സ്ഥിരമായി ഒരു വില പ്രഖ്യാപിക്കുന്നത് ഭാവിയിൽ ബുദ്ധിമുട്ടുണ്ടാക്കും

S. [signature]

**സെക്ഷൻ ഓഫീസർ**